(സി) മേഖലാടിസ്ഥാനത്തിൽ നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി 3 പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരികയാണ്. എല്ലാ ജില്ലകളിലും ഇത്തരം എക്സ്ചേഞ്ചുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

"നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ നൽകാൻ കാലതാമസം"

69 [1714] ശ്രീ. യു. സി. രാമൻ :

" പി. കെ. അബ്ദുറബ്ബ് :

" സി. മമ്മൂട്ടി :

" കളത്തിൽ അബ്ദുള്ള :

" പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിൽ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ഡയർ) അവസാനമായി കൂടിയത് ഏത് തീയതിയിലാണ് ;

(ബി) ഡി. പി. സി. കൂടാത്തത് കാരണം എത്ര ഉദ്യോഗസ്ഥർക്കാണ് പ്രൊമോഷൻ ലഭിക്കുവാൻ കാലതാമസമുണ്ടായത് ;

(സി) ഡി. പി. സി. കൂടുന്നതിന് കാലതാമസം വരുത്താൻ സർക്കാരിന്റെ ഭാഗത്തുനിന്നും ഏതെങ്കിലും തരത്തിലുള്ള വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിൽ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഡയർ) അവസാനമായി കൂടിയത് 4-7-2003-ന് ആകുന്നു.

(ബി) നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിൽ ഡി. പി. സി. കൂടാത്തത് കാരണം 7 പേർക്ക് പ്രൊമോഷൻ ലഭിക്കുവാൻ കാലതാമസം ഉണ്ടായി. അതിലൊരാളിന് താൽക്കാലിക പ്രൊമോഷൻ നൽകുകയുണ്ടായി.

(സി) ഡി. പി. സി. കൂടുന്നതിൽ സർക്കാരിന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടില്ല. ബന്ധപ്പെട്ട ഓഫീസർമാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളും പ്രൊബേഷൻ ഡിക്ലയർ ചെയ്ത വിവരവും യഥാസമയം ലഭിക്കാത്തതുകൊണ്ടാണ് ഡി. പി. സി. കൂടാതിരുന്നത്.

(ഡി) ഡി. പി. സി. കൂടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly